എ.വൈ.ആർ

ദൈവം സൃഷ്ടികളെ അനുഗ്രഹിക്കുന്നത് സൃഷ്ടികൾ ആ അനുഗ്രഹം തന്റെ തൃപ്തിക്കൊത്ത് വിനിയോഗിക്കാനാണ്. അനുഗ്രഹങ്ങൾ ദൈവപ്രീതിക്ക് യോജിച്ച വണ്ണം വിനിയോഗിക്കുക എന്നതുതന്നെയാണ് അനുഗ്രഹങ്ങളുടെ പേരിൽ സൃഷ്ടികൾ ദൈവത്തോട് പ്രകടിപ്പിക്കേണ്ട നന്ദി. ദൈവാനുഗ്രഹങ്ങൾ വർധിക്കുംതോറും അതനുഭവിക്കുന്നതിൽ ദൈവം അനുശാസിച്ച നിയമങ്ങൾ പാലിക്കാനുള്ള ജാഗ്രതയും വർധിക്കണം.



---

كَذَّبَتْ ثَمُودُ الْمُرْسَلِينَ ﴿١٤١﴾

141. സമൂദ് സമുദായം ദൈവദൂതന്മാരെ തള്ളിപ്പറഞ്ഞു;

إِذْ قَالَ لَهُمْ أَخُوهُمْ صَالِحٌ أَلَا تَتَّقُونَ ﴿١٤٢﴾

142. അവരുടെ സഹോദരൻ സ്വാലിഹ് അവരെ ഉദ്ബോധിപ്പിച്ചത് ഓർക്കുക: നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നില്ലയോ?!

إِنِّي لَكُمْ رَسُولٌ أَمِينٌ ﴿١٤٣﴾

143. ഞാൻ നിങ്ങൾക്കുള്ള വിശ്വസ്തനായ ദൈവദൂതനാകുന്നു.

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٤٤﴾

144. ആകയാൽ അല്ലാഹുവിനോട് ഭയഭക്തിയുള്ളവരാകുവിൻ, എന്നെ അനുസരിക്കുവിൻ.

وَمَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِيَ إِلَّا عَلَىٰ رَبِّ الْعَالَمِينَ ﴿١٤٥﴾

145. ഈ ദൗത്യത്തിന് ഞാൻ യാതൊരു പ്രതിഫലവും നിങ്ങളോട് ചോദിക്കുന്നില്ല. എന്റെ പ്രതിഫലം പ്രപഞ്ചവിധാതാവിന്റെ മാത്രം ഉത്തരവാദിത്തത്തിലാകുന്നു.

**141-145**

كَذَّبَتْ ثَمُودُ = സമൂദ് (സമുദായം) തള്ളിപ്പറഞ്ഞു  الْمُرْسَلِينَ = (ദൈവ)ദൂതന്മാരെ
إِذْ قَالَ لَهُمْ = അവരോട് പറഞ്ഞത് (ഉദ്ബോധിപ്പിച്ചത്) ഓർക്കുക
أَخُوهُمْ صَالِحٌ = അവരുടെ സഹോദരനായ സ്വാലിഹ്
أَلَا تَتَّقُونَ = നിങ്ങൾ (അല്ലാഹുവിനെ) ഭയപ്പെടുന്നില്ലയോ?
إِنِّي لَكُمْ رَسُولٌ أَمِينٌ = ഞാൻ നിങ്ങൾക്കുള്ള വിശ്വസ്തനായ ദൈവദൂതനാകുന്നു
فَاتَّقُوا اللَّهَ = ആകയാൽ നിങ്ങൾ അല്ലാഹുവിനോട് ഭയഭക്തിയുള്ളവരാകുവിൻ
وَأَطِيعُونِ = എന്നെ അനുസരിക്കുവിൻ  وَمَا أَسْأَلُكُمْ = ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല
عَلَيْهِ = അതിന്മേൽ (ഈ ദൗത്യത്തിന്)  مِنْ أَجْرٍ = പ്രതിഫലത്തിൽനിന്ന് (യാതൊരു പ്രതിഫലവും)
إِنْ أَجْرِيَ = എന്റെ പ്രതിഫലം അല്ല (ആകുന്നു)
إِلَّا عَلَىٰ رَبِّ الْعَالَمِينَ = ലോകങ്ങളുടെ നാഥന്റെ മേൽ (പ്രപഞ്ചവിധാതാവിന്റെ ഉത്തരവാദിത്തത്തിൽ)

ഇനി പറയുന്നത് സമൂദ് ജനതയുടെയും സ്വാലിഹ് നബിയുടെയും കഥയാണ്. നേരത്തേ സൂറ *അൽ അഅ്റാഫ്* 73-79, *ഹൂദ്* 61-68, *അൽ ഹിജ്ർ* 80-84 സൂക്തങ്ങളിൽ ഈ കഥ പരാമൃഷ്ടമായിട്ടുണ്ട്. *അന്നംല്* 45-53, *അദ്ദാരിയാത്ത്* 43-45, *അൽഖമർ* 23-31, *അൽഹാഖ* 4-8, *അൽ ഫജ്ർ* 9, *അശ്ശംസ്* 11 സൂക്തങ്ങളിൽ ഇനിയും ഇവരെ പരാമർശിക്കുന്നത് കാണാം.

രണ്ടാം ആദ് എന്നും സമൂദ് ഗോത്രം അറിയപ്പെടുന്നുണ്ട്. നേരത്തേ സൂചിപ്പിച്ച പ്രകാരം ഒന്നാം ആദ് നിശ്ശേഷം നശിച്ചുപോയ അറബികളിൽ (അറബുൽ ബാഇദയിൽ) പെടുന്നു. ഒരുപക്ഷേ ഒന്നാം ആദ് നശിപ്പിക്കപ്പെട്ടപ്പോൾ ആ ദേശത്തുനിന്ന് രക്ഷപ്പെട്ട ഹൂദ് നബിയുടെയും ശിഷ്യന്മാരുടെയും പിന്മുറക്കാരാവാം രണ്ടാം ആദ് അഥവാ സമൂദ് ഗോത്രം എന്ന് കരുതപ്പെടുന്നു. ഐതിഹ്യകഥകൾ പ്രകാരം ആദും സമൂദും ഒരേ ഗോത്രത്തിന്റെ രണ്ട് ശാഖകളാണ്. ആദിന്റെ പിതാമഹനായ ഇറം ഇബ്നു സാം തന്നെയാണ് സമൂദിന്റെയും പിതാമഹൻ. ആദിന്റെ പുത്രന്മാരിലൊരാളായിരുന്നു സമൂദ് എന്ന് പ്രസ്താവമുണ്ട്. സമൂദ് വ്യക്തിനാമമല്ല, ഗോത്ര നാമം മാത്രമാണെന്നും അഭിപ്രായമുണ്ട്. നിർജലം എന്ന് സമൂദിന് അർഥമുണ്ട്. ഗോത്രത്തിന്റെ ആവാസസ്ഥലത്ത് ജലലഭ്യത കുറവായിരുന്നതിനാലാണ് ഗോത്രത്തിന് സമൂദ് എന്ന പേര് വന്നതെന്നും പറയപ്പെടുന്നു. *അൽ അഅ്റാഫി*ലെ وَاذْكُرُوا إِذْ جَعَلَكُمْ خُلَفَاءَ مِنْ بَعْدِ عَادٍ (ആദിനു ശേഷം അവൻ നിങ്ങളെ ഖുലഫാഅ് ആക്കിയതും ഓർക്കുവിൻ) എന്നു തുടങ്ങുന്ന 74-ാം സൂക്തം ഈ ഗോത്രങ്ങൾ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതായി പരിഗണിക്കാം. ഖുലഫാഇന് പിന്മുറക്കാർ എന്നും പ്രതിനിധികൾ എന്നും അർഥമുണ്ട്. ഇവിടെ രണ്ടിൽ ഏതർഥം സ്വീകരിച്ചാലും അത് മറ്റേ അർഥത്തെ നിഷേധിക്കുകയില്ല. സമൂദിന്റെയും സ്വാലിഹിന്റെയും വംശാവലി *അൽ അഅ്റാഫ്* 73-ാം സൂക്തത്തിനു താഴെ ചേർത്തിട്ടുണ്ട്. ആദ് വർഗത്തെ പോലെ സമൂദ് വർഗവും നശിച്ചുപോയെങ്കിലും സമൂദ് വർഗത്തിന്റെ അവശിഷ്ടങ്ങൾ പൂർണമായി നശിച്ചിട്ടില്ല. വടക്കു പടിഞ്ഞാറൻ അറേബ്യയിലെ മദായിൻ സ്വാലിഹ് എന്നറിയപ്പെടുന്ന പ്രദേശത്ത് സമൂദിയൻ സംസ്കാരത്തിന്റെ ധാരാളം അവശിഷ്ടങ്ങൾ കാണാം. 1837-ൽ ഹിസ്നു ഗുറാബിൽനിന്ന് കണ്ടെടുക്കപ്പെട്ട ഒരു പുരാലിഖിതം ബി.സി 18-ാം നൂറ്റാണ്ടിൽ സ്വാലിഹ് നബിയുടെ ശിഷ്യന്മാർ എഴുതിയതാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ആ ലിഖിതത്തിലെ ചില വരികൾ പുരാവസ്തു ഗവേഷകർ വായിച്ചതിങ്ങനെ: ''ജീവിതത്തിൽ ക്ലേശമോ ദുഃസ്ഥിതിയോ അനുഭവിക്കാതെ ഞങ്ങൾ ദീർഘകാലം ഈ കോട്ടയിൽ വാണു. ഞങ്ങളുടെ ജലാശയങ്ങൾ നദീജലത്താൽ നിറഞ്ഞിരുന്നു. ദുർവിചാരങ്ങളില്ലാത്ത, നാശകാരികളെ കർക്കശമായി കൈകാര്യം ചെയ്യുന്ന രാജാവായിരുന്നു ഞങ്ങളെ ഭരിച്ചിരുന്നത്. അദ്ദേഹം ഹൂദിന്റെ നിയമപ്രകാരം ഞങ്ങളെ ഭരിച്ചു. പ്രധാന തീരുമാനങ്ങൾ ഏടിൽ രേഖപ്പെടുത്തിവെച്ചു. ഞങ്ങൾ ദൈവികമായ അത്ഭുതകൃത്യങ്ങളിലും മരണാനന്തര ജീവിതത്തിലും വിശ്വസിച്ചു.''

ആദ് വർഗത്തിന്റെ വിനാശത്തെത്തുടർന്ന് വടക്കു പടിഞ്ഞാറോട്ട് കുടിയേറിയ ഹൂദ് നബിയും ശിഷ്യന്മാരും അവിടെ സത്യധർമങ്ങൾ പുലർത്തുന്ന ഒരു ഉത്തമ സമുദായമായി വാണുവെന്നും ആത്മീയമെന്ന പോലെ ഭൗതികമായും വൻ പുരോഗതി കൈവരിച്ചുവെന്നുമാണ് ഈ ലിഖിതം സൂചിപ്പിക്കുന്നത്. അവർക്ക് ഫലഭൂയിഷ്ഠമായ മണ്ണ് ലഭിച്ചു. അത് നനക്കാൻ ജലസമൃദ്ധമായ നദികളും തടാകങ്ങളുമുണ്ടായിരുന്നു. അവർ മികച്ച കർഷകരായിരുന്നു. അതോടൊപ്പം ശിൽപനിപുണരും നിർമാണ വിദഗ്ധരുമായിരുന്നു. പക്ഷേ, കാലാന്തരത്തിൽ മുൻ സമുദായങ്ങളെപ്പോലെ ഈ സമുദായവും സുഖസൗഭാഗ്യങ്ങളിൽ വഞ്ചിതരായി. തങ്ങളുടെ സൗഭാഗ്യങ്ങളെല്ലാം തങ്ങളുടെ മഹത്വത്തിന്റെയും സാമർഥ്യത്തിന്റെയും മാത്രം ഫലമാണെന്ന് ധരിച്ചു. പ്രപഞ്ചവിധാതാവായ ഏക ദൈവത്തെ നിഷേധിച്ചു. അവർക്ക് വേണ്ട ദൈവത്തെ അവർ തന്നെ സൃഷ്ടിച്ചു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അതിക്രമങ്ങളും സമൂഹത്തിൽ പെരുകി വന്നു. സമൂദ് വർഗം ഇപ്രകാരം നാശത്തിലേക്ക് കുതിച്ചപ്പോൾ അവരെ നരകവഴിയിൽനിന്ന് സ്വർഗവഴിയിലേക്ക് പ്രബോധനം ചെയ്യാൻ അവരുടെ സമൂഹത്തിൽനിന്നുതന്നെയുള്ള ഒരാളെ അല്ലാഹു പ്രവാചകനായി നിയോഗിച്ചു; സ്വാലിഹ് നബി(അ). സമൂദ് സമുദായത്തിൽ ഒരു കുലീന കുടുംബത്തിലെ അംഗമായിരുന്നു അദ്ദേഹം. സ്വാലിഹിന്റെ(അ) സത്യസന്ധതയും വിവേകവും സ്വഭാവശുദ്ധിയും സമൂഹത്തിൽ അദ്ദേഹത്തിന് നല്ല മതിപ്പുണ്ടാക്കിയിരുന്നു. ആ മതിപ്പ് സമുദായം തുറന്നു സമ്മതിച്ചിരുന്നതായി സൂറഃ *ഹൂദ്* 62-ാം സൂക്തത്തിലെ يَا صَالِحُ قَدْ كُنْتَ فِينَا مَرْجُوًّا قَبْلَ هَٰذَا (സ്വാലിഹ്, ഈ പ്രസ്ഥാനവുമായി വരുന്നതിനു മുമ്പ് ഞങ്ങൾക്ക് വലിയ പ്രതീക്ഷകളുണ്ടായിരുന്നവനാണ് നീ) എന്ന വാക്യത്തിൽനിന്ന് വ്യക്തമാകുന്നു. സമൂഹത്തിന്റെ വിശ്വാസ ജീർണതയിലേക്കും അധാർമിക ജീവിതത്തിലേക്കും അക്രമവും അനീതിയും നിറഞ്ഞ സാമൂഹിക വ്യവസ്ഥിതിയിലേക്കും വിരൽ ചൂണ്ടിയപ്പോഴാണ് സമുദായത്തിന് അദ്ദേഹം അനഭിമതനും അപഹാസ്യനുമായി മാറിയത്.

നൂഹ് നബിയും ഹൂദ് നബിയും നാശോന്മുഖരായ സ്വജനത്തിനു നൽകിയ അതേ സന്ദേശമാണ് സ്വാലിഹ് നബി അദ്ദേഹത്തിന്റെ ജനത്തിനും നൽകിയത്. പ്രകൃത സൂക്തങ്ങൾ ഇതേ വാക്കുകളിൽ തന്നെ നൂഹ്, ഹൂദ് ചരിത്രങ്ങളിലും വന്നിരിക്കുന്നു. വിശദീകരണം അവിടെ കൊടുത്തിട്ടുണ്ട്. ആ രണ്ട് സമുദായങ്ങളെപ്പോലെ സമൂദ് ജനതയും നാശഗർത്തത്തിലേക്ക് കുതിച്ചുകൊണ്ടിരുന്നപ്പോഴായിരുന്നു സ്വാലിഹ് നബിയുടെ ആഗമനം എന്നതാണ് അവരുടെ മുഖ്യ ആഹ്വാനത്തിന്റെ സമാനതക്കു കാരണം. ■

---

أَتُتْرَكُونَ فِي مَا هَاهُنَا آمِنِينَ ﴿١٤٦﴾

146 ഇവിടെയുള്ള വിഭവങ്ങളിൽ നിർഭയരായി വാഴാൻ നിങ്ങൾ വിട്ടയക്കപ്പെടുന്നുവെന്നോ?

فِي جَنَّاتٍ وَعُيُونٍ ﴿١٤٧﴾

147 ഈ ഉദ്യാനങ്ങളിലും ജലധാരകളിലും.

148 ഈ വയലുകളിലും പാകമായ കുലകൾ നിറഞ്ഞ ഈത്തപ്പനത്തോട്ടങ്ങളിലും.

149 നിങ്ങൾ ആർഭാടപ്രമത്തരായി മലകൾ തുരന്ന് ഹർമ്യങ്ങൾ നിർമിക്കുന്നുവല്ലോ.

وَزُرُوعٍ وَنَخْلٍ طَلْعُهَا هَضِيمٌ ﴿١٤٨﴾

وَتَنْحِتُونَ مِنَ الْجِبَالِ بُيُوتًا فَارِهِينَ ﴿١٤٩﴾

**146-149**

أَتُتْرَكُونَ = നിങ്ങൾ ഉപേക്ഷിക്കപ്പെടുന്നുവോ (വിട്ടയക്കപ്പെടുന്നുവെന്നോ)

فِي مَا هَاهُنَا = ഇവിടെയുള്ളതി(വിഭവങ്ങളി)ൽ آمِنِينَ = നിർഭയരായ നിലയിൽ (നിർഭയരായി വാഴാൻ)

فِي جَنَّاتٍ = (ഈ) ഉദ്യാനങ്ങളിൽ وَعُيُونٍ = ജലധാരകളിലും

وَزُرُوعٍ = (ഈ) കൃഷി(വയലു)കളിലും وَنَخْلٍ = ഈത്തപ്പനയി(ത്തോട്ടങ്ങളി)ലും

طَلْعُهَا هَضِيمٌ = അതിന്റെ കുലകൾ പാകമായതാകുന്നു (പാകമായ കുലകൾ നിറഞ്ഞ)

وَتَنْحِتُونَ = നിങ്ങൾ തുരന്നുണ്ടാക്കുന്നു مِنَ الْجِبَالِ = മലക(ൾ)ളിൽനിന്ന്

بُيُوتًا = ഹർമ്യങ്ങൾ فَارِهِينَ = വിദഗ്ധരായിട്ട്, മോദിതരായിട്ട് (ആർഭാട പ്രമത്തരായി)

സ്വാലിഹി(അ)ന്റെ പ്രബോധനത്തിന്റെ ആമുഖമാണ് മുൻ സൂക്തങ്ങൾ. തുടർന്ന് സമൂഹത്തിന്റെ മൂല്യബോധമില്ലാത്തതും അസത്യജഡിലവുമായ ജീവിത വീക്ഷണത്തെയും അന്യായവും അനീതിയും നിറഞ്ഞ നാഗരിക സംവിധാനത്തെയും വിമർശിക്കുകയാണ്. ഒപ്പം അത്തരം വീക്ഷണങ്ങളും സംവിധാനങ്ങളും കൽപിക്കുന്ന നേതൃത്വത്തെ വെടിഞ്ഞ് അല്ലാഹുവിൽ ഭക്തി പുലർത്തിക്കൊണ്ട്, അവൻ തന്നിലൂടെ വെളിപ്പെടുത്തുന്ന ധർമശാസനകൾ അനുസരിച്ച് ജീവിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു.

നിങ്ങൾക്കിവിടെ മികച്ച ഫലങ്ങളുൽപാദിപ്പിക്കുന്ന ധാരാളം തോട്ടങ്ങളുണ്ട്. ജലസമൃദ്ധമായ ഉറവിടങ്ങളുണ്ട്. വേണ്ടതിലേറെ ധാന്യങ്ങൾ വിളയിക്കുന്ന കൃഷിയിടങ്ങളുണ്ട്. പാകമായ പഴക്കുലകൾ തൂങ്ങുന്ന ഈത്തപ്പന നിരകളുണ്ട്. ഈ അനുഗ്രഹങ്ങളെല്ലാം യഥേഷ്ടം ആസ്വദിച്ച് യാതൊരു ഉത്തരവാദിത്തവുമില്ലാതെ, ഒന്നിനോടും ഒരു പ്രതിബദ്ധതയുമില്ലാതെ നിങ്ങളെ നിർഭയം ജീവിക്കാൻ വിട്ടിരിക്കുകയാണ് ദൈവമെന്നാണോ വിചാരിക്കുന്നത്? നിരുത്തരവാദപരമായ ഈ ആർഭാട ജീവിതം ദാരുണമായ ഒരന്ത്യത്തിന്റെ അലാറമാകുന്നു. അനുഗ്രഹദാതാവിനെക്കുറിച്ച ചിന്തയോ നന്ദിവികാരമോ ഇല്ലാത്ത അനുഗ്രഹഭോഗം ഒരു പരിധി കഴിഞ്ഞാൽ സമ്പൂർണ നാശത്തിൽ പതിക്കുക അനിവാര്യമാണ്. നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയ നൂഹിന്റെയും ഹൂദിന്റെയും(അ) ജനതയുടെ ചരിത്രം അത് സ്പഷ്ടമായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

فِي مَا هَاهُنَا സൂചിപ്പിക്കുന്നത് സമൂദികളുടെ സമ്പദ്സമൃദ്ധിയെയും നാഗരിക വികാസത്തെയുമാണ്. അതിന്റെ വിശദീകരണമാണ് തുടർന്നുള്ള വാക്കുകൾ. സുഖസൗഭാഗ്യങ്ങൾ ആരെയെങ്കിലും അശ്രദ്ധനും അവിവേകിയുമാക്കുന്നുവെങ്കിൽ അതവന്റെ മൗഢ്യത്തിന്റെ തെളിവാകുന്നു. അതിനേക്കാൾ വലിയ വിഡ്ഢിത്തമാണ് അനുഗ്രഹ സൗഭാഗ്യങ്ങൾക്ക് ഭാജനമാകുന്നവർ അതൊക്കെ തങ്ങളുടെ അവകാശമാണെന്നും അത് ആവോളം ആസ്വദിച്ച് ജീവിക്കാൻ മാത്രമാണ് തങ്ങൾ ജന്മം കൊണ്ടതെന്നും അതിൽ ആരുടെയും നിയമവും നിയന്ത്രണവും മാനിക്കാൻ തങ്ങൾ ബാധ്യസ്ഥരല്ലെന്നും കരുതുന്നത്. ദൈവം സൃഷ്ടികളെ അനുഗ്രഹിക്കുന്നത് സൃഷ്ടികൾ ആ അനുഗ്രഹം തന്റെ തൃപ്തിക്കൊത്ത് വിനിയോഗിക്കാനാണ്. അനുഗ്രഹങ്ങൾ ദൈവപ്രീതിക്ക് യോജിച്ച വണ്ണം വിനിയോഗിക്കുക എന്നതുതന്നെയാണ് അനുഗ്രഹങ്ങളുടെ പേരിൽ സൃഷ്ടികൾ ദൈവത്തോട് പ്രകടിപ്പിക്കേണ്ട നന്ദി. ദൈവാനുഗ്രഹങ്ങൾ വർധിക്കുംതോറും അതനുഭവിക്കുന്നതിൽ ദൈവം അനുശാസിച്ച നിയമങ്ങൾ പാലിക്കാനുള്ള ജാഗ്രതയും വർധിക്കണം. സുഖ സൗകര്യങ്ങളുടെ വർധന മനുഷ്യനെ കൂടുതൽ വിവേകിയും വിനീതനുമാക്കുന്നതിനു പകരം അഹങ്കാരിയും ധിക്കാരിയും ആരെയും മാനിക്കാത്തവനുമാക്കുന്ന അവസ്ഥയെയാണ് ഇവിടെ آمِنِينَ എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നത്. ഒടുവിൽ അവൻ അഹങ്കരിച്ച നേട്ടങ്ങൾ അവന്റെ നാശത്തിന് നിമിത്തമായിത്തീരുന്നു. മനുഷ്യന് ലഭിക്കുന്ന ഓരോ അനുഗ്രഹത്തോടൊപ്പവും അതിനോടുള്ള അവന്റെ ഉത്തരവാദിത്തവും നിശ്ചയിക്കപ്പെട്ടിരിക്കുന്നുവെന്ന് ഖുർആൻ അടിക്കടി ഓർമിപ്പിക്കുന്നുണ്ട്. മനുഷ്യപ്രകൃതിയും സാമാന്യബുദ്ധിയും അത് ശരിവെക്കുകയും ചെയ്യുന്നു. വികല ബുദ്ധികൾക്ക് മാത്രമേ അത് നിഷേധിക്കാനാകൂ.

طَلْعُهَا هَضِيمٌ-ന് രണ്ട് തരത്തിൽ അർഥം നൽകപ്പെടുന്നുണ്ട്. പഴുത്തു തുടുത്ത് മൃദുലമായ പഴക്കുലകൾ എന്നാണൊന്ന്. ഒന്നിനോടൊന്ന് ചേർന്നു നിൽക്കുന്ന, അല്ലെങ്കിൽ മേൽക്കുമേൽ കുലകളുള്ള, കുലകുലയായി കായ്ച്ചുനിൽക്കുന്ന എന്നതാണ് രണ്ടാമത്തെ അർഥം. ഒന്നാമത്തെ അർഥം ഗുണത്തെയും രണ്ടാമത്തെ അർഥം സമൃദ്ധിയെയുമാണ് ഊന്നുന്നത്. هضم എന്ന മൂലപദ

ത്തിന്റെ ഭാഷാർഥം ദഹനം, പചനം, പാകം എന്നാണ്. കീഴൊതുക്കുക, വശപ്പെടുത്തുക, പീഡിപ്പിക്കുക തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. ഭാഷാപരമായി കൂടുതൽ യുക്തമായത് ഒന്നാമത്തെ അർഥമാണ്. ഇടവിട്ടിടവിട്ട് കുലച്ചു നിൽക്കുന്ന ഈത്തപ്പനകൾക്ക് താഴെ മുന്തിരി വള്ളികളും അനാർച്ചെടികളും. അല്ലെങ്കിൽ വിവിധയിനം പച്ചക്കറികൾ. അതിനു താഴെ നീർച്ചാലുകൾ. ഇതാണ് മികച്ച കൃഷിയിടത്തിന്റെ അറേബ്യൻ സങ്കൽപം. ഈ സങ്കൽപത്തെയാണ് فِي جَنَّاتٍ ......... طَلْعُهَا هَضِيمٌ എന്ന വചനങ്ങൾ സൂചിപ്പിക്കുന്നത് എന്ന വീക്ഷണത്തിലാണ് രണ്ടാമത്തെ അർഥകൽപന.

نحت (ശിൽപവേല)യിൽനിന്നുള്ള ക്രിയാപദമാണ് تَنْحِتُونَ . കരിങ്കൽ ശിൽപങ്ങൾ നിർമിക്കുന്ന കലയിൽ ബഹുവിദഗ്ധരായിരുന്നു സമൂദികൾ. പണക്കാരും പ്രമാണിമാരും മലഞ്ചെരിവുകളിൽ കരിമ്പാറകൾ തുരന്ന് ബംഗ്ലാവുകൾ നിർമിച്ച് രസിച്ചു. കണക്കറ്റ അധ്വാനവും സമ്പത്തുമാണ് ഇതിന് വിനിയോഗിച്ചിരുന്നത്. തങ്ങളുടെ വാസ്തു വൈദഗ്ധ്യം മറ്റുള്ളവരെ കാണിച്ച് അവരിൽ മതിപ്പുളവാക്കുക എന്നതിലപ്പുറം ഒരു പ്രയോജനവും അതുകൊണ്ടുണ്ടായിരുന്നില്ല. ഇത്തരം ചില നിർമിതികൾ മദായിനു സ്വാലിഹിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഖുർആൻ ആദ് സമൂഹത്തെ ذات العماد- സ്തൂപങ്ങളുടയവർ- എന്നു വിശേഷിപ്പിച്ചതുപോലെ സമൂദ് വർഗത്തെ الَّذين جابوا الصخر بالواد - മലഞ്ചെരിവുകളിൽ പാറകൾ തുരന്നവർ- എന്നു വിശേഷിപ്പിച്ചിട്ടുണ്ട്(*അൽ ഫജ്ർ* 9). ഇതിനു പുറമെ താഴ് വാരങ്ങളിൽ വൻ സൗധങ്ങളും നിർമിച്ചിരുന്നു. تَتَّخِذُونَ مِنْ سُهُولِهَا قُصُورًا (*അൽ അഅ്റാഫ്* 74). അതേസമയം അന്നാട്ടിലെ പാവങ്ങൾ തലചായ്ക്കാനിടമില്ലാതെ വലയുകയായിരുന്നു. പണക്കാർക്ക് മണിമേടകളും മലവീടുകളുമുണ്ടാക്കാൻ കഠിനാധ്വാനം ചെയ്യാനും അവരുടെ മർദനങ്ങളേറ്റുവാങ്ങാനുമായിരുന്നു അവരുടെ വിധി.

ഗുഹാ മന്ദിരങ്ങൾ ജോർദാനിലെ പെട്രയിലും ഇന്ത്യയിലെ യെല്ലോറയിലുമൊക്കെ കാണപ്പെടുന്നുണ്ട്. പെട്രയിലെ ഗുഹാ മന്ദിരങ്ങൾ നിർമിച്ചത് നബാതിയരാണ്. അവർ തന്നെയാണ് മദായിനു സ്വാലിഹിലെ ഗുഹാ മന്ദിരങ്ങളുടെയും ശിൽപികളെന്ന് ചില ഓറിയന്റലിസ്റ്റുകൾ വാദിച്ചിട്ടുണ്ട്. മദായിനു സ്വാലിഹിലെ ഗുഹാ മന്ദിരങ്ങൾ സമൂദികൾ നിർമിച്ചതാണെന്ന ഖുർആന്റെ പ്രസ്താവന തെറ്റാണെന്ന് വരുത്തുകയാണവരുടെ ലക്ഷ്യം. പെട്രയിലെയും മദായിനു സ്വാലിഹിലെയും ഗുഹാ മന്ദിരങ്ങളുടെ നിർമാണശൈലികൾ തമ്മിൽ വലുതായ അന്തരമുണ്ട്. അതുതന്നെ രണ്ട് മന്ദിരങ്ങളുടെയും നിർമാതാക്കൾ ഒന്നല്ല എന്നു തെളിയിക്കുന്നതായി രണ്ടും സന്ദർശിച്ചിട്ടുള്ളവർ പറയുന്നു. ഇതു സംബന്ധിച്ച് സയ്യിദ് അബുൽ അഅ്ലാ മൗദൂദിയുടെ നിഗമനം ഇതാണ്: പാറ തുരന്ന് മന്ദിരങ്ങൾ നിർമിക്കുന്ന വിദ്യക്ക് തുടക്കം കുറിച്ചത് സമൂദികളാണ്. നൂറ്റാണ്ടുകൾക്കു ശേഷം നബാതിയർ ഈ കലയെ വികസിപ്പിച്ച് പെട്രയിൽ ഗുഹാ മന്ദിരങ്ങൾ നിർമിച്ചു. പിന്നെയും ആറേഴു നൂറ്റാണ്ടുകൾക്കു ശേഷം യെല്ലോറയിൽ ഈ കല അതിന്റെ പാരമ്യത്തിലെത്തി.

ഉല്ലാസം, ഉത്സാഹം എന്നും വൈദഗ്ധ്യം, നൈപുണ്യം എന്നും അർഥമുള്ള فَرَاهَة-ൽനിന്നുള്ള ബഹുവചന കർതൃപദമാണ് فَارِهِينَ . വാസ്തുശിൽപികളെക്കുറിച്ച് فَارِهِينَ എന്നു പറഞ്ഞത് ആ കലയിൽ അവർ അതിവിദഗ്ധരായിരുന്നു എന്ന അർഥത്തിലാവാം, ആ കല പ്രകടിപ്പിക്കുന്നതിൽ അവർ അത്യുത്സുകരും മോദിതരുമായിരുന്നു എന്ന അർഥത്തിലുമാവാം. രണ്ട് ആശയങ്ങളും ഉദ്ദേശ്യമാകുന്നതിലും അസാംഗത്യമില്ല. കലയിലും ശാസ്ത്രത്തിലുമുള്ള പ്രതിഭ അല്ലാഹുവിന്റെ അനുഗ്രഹമാണ്. കല കലക്കു വേണ്ടിയോ ശാസ്ത്രം ശാസ്ത്രത്തിനു വേണ്ടിയോ ഉള്ളതല്ല. രണ്ടും മനുഷ്യജീവിതം സുഗമവും സംസ്കൃതവുമാക്കാനുള്ളതാണ്. കേവലം കൗതുകത്തിനു വേണ്ടിയോ അധാർമികവും നശീകരണോന്മുഖവുമായോ കലയെയും ശാസ്ത്രത്തെയും ദുർവ്യയം ചെയ്യുന്നത് അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്തതിന്റെ ഫലമായിട്ടാണ്. അത്തരം കലാശാസ്ത്രങ്ങളിലധിഷ്ഠിതമായ നാഗരിക പുരോഗതി ഏറെക്കാലം നിലനിൽക്കുകയില്ല. അവയുടെ പ്രഭാവവും പ്രതാപവും വേഗം നാശത്തിലേക്ക് കൂപ്പുകുത്തും. സമൂദികളുടെ ദുഷിച്ച സാമൂഹികാവസ്ഥയെ വിമർശിച്ചുകൊണ്ട് അതിന്റെ ദുരന്തപരിണതിയെക്കുറിച്ച മുന്നറിയിപ്പ് നൽകുകയായിരുന്നു സ്വാലിഹ്(അ). ■